യാണ്. ആയതിലേയ്ക്കായി എക്സൽ ഇൻഡസ്ട്രീസുമായി ധാരണാപത്രം ഒപ്പുവച്ചുകഴിഞ്ഞു. അവർ നൽകിയ സ്ട്രക്ച്ചറൽ ഡിസൈൻ പ്രകാരമാണ് കെട്ടിടത്തിന്റെ പ്രവൃത്തി തുടങ്ങിയിട്ടുള്ളത്. കോഴിക്കോട് നഗരത്തിലെ മാലിന്യങ്ങൾ ഇപ്പോൾ നിക്ഷേപിക്കുന്ന തെളിയൻപറമ്പിലെ പരിസരത്തുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നിർദ്ദിഷ്ട മാലിന്യങ്ങൾ സംസ്കരണ പ്ലാന്റിന്റെ മെഷീണറി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ എത്രയും വേഗം ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് കോർപ്പറേഷൻ കൈക്കൊണ്ടുവരുന്നു. ധനകാര്യവകുപ്പിന്റെ സാങ്കേതിക തടസ്സം നീക്കുന്നതിനുവേണ്ടി, കോർപ്പറേഷൻ പ്രതിനിധികൾ, തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി, വകുപ്പുസെക്രട്ടറി, ധനകാര്യവകുപ്പുമന്ത്രി, വകുപ്പുസെക്രട്ടറി തുടങ്ങി ഞങ്ങളെല്ലാപേരുംകൂടി ചർച്ച ചെയ്ത് അതിനുള്ള പോംവഴി കണ്ടെത്തിയിട്ടുണ്ട്. ഏതായാലും ഒരു തടസ്സവും കൂടാതെ കോഴിക്കോട് കോർപ്പറേഷൻ ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(7) കാലവർഷക്കെടുതിമൂലം കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം:

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, കാലവർഷക്കെടുതിയിൽ കേരളത്തിലെ കൃഷിക്കാർ വളരെയധികം ദുരിതം അനുഭവിക്കുകയാണ്. കൃഷിക്കാർ നട്ടുപിടിപ്പിച്ചിട്ടുള്ള, അവരുടെ ജീവിതമാർഗ്ഗങ്ങളായിട്ടുള്ള വിളകൾ വളരെയധികം നഷ്ടപ്പെട്ടിരിക്കുന്നു. തെങ്ങ്, വാഴ, കുരുമുളക്, കപ്പ, നെല്ല് തുടങ്ങിയുള്ള കൃഷികൾ വ്യാപകമായി നശിച്ചിരിക്കുകയാണ്. ഇങ്ങനെ നാശം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് സമയത്ത് നഷ്ടപരിഹാരം കിട്ടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കൃഷിക്കാരാകെ പ്രയാസത്തിലാണ്. കാലവർഷക്കെടുതിയിൽ നഷ്ടം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് അവരുടെ വിളകളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി സഹായങ്ങൾ നൽകേണ്ടതായിട്ടുണ്ട്. ഏപ്രിൽ-മേയ് മാസങ്ങളിൽ വേനൽക്കാല മഴ ഉണ്ടായിരുന്നു, കാറ്റും ഉണ്ടായിരുന്നു. ആ സമയത്ത് നഷ്ടം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് ഉൾപ്പെടെ അടിയന്തിര നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി ആവശ്യമായ പണം അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u>) : സർ, തെക്കുപടിഞ്ഞാറൻ കാലവർഷമാണ് നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ഏറ്റവും ശക്തിയായ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്.എന്നാൽ അതിനുമുമ്പ് വേനൽമഴ എന്ന നിലയ്ക്ക് കുറെ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. 4.2.1999 മുതൽ 24.5.1999 വരെ ഉണ്ടായ വേനൽമഴയെത്തുടർന്നുള്ള കാർഷിക നഷ്ടം ഏകദേശം 604.879 ലക്ഷം രൂപ എന്നാണ് ജില്ലകളിൽനിന്ന് കൃഷി ഡിപ്പാർട്ടുമെന്റും കളക്ടർമാരും അറിയിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ 100 ലക്ഷം, ആലപ്പുഴ ജില്ലയിൽ 162 ലക്ഷം, പത്തനംതിട്ട ജില്ലയിൽ 25 ലക്ഷം, തൃശ്ശൂർ ജില്ലയിൽ 267.55 ലക്ഷം, മലപ്പുറം ജില്ലയിൽ 99.57 ലക്ഷം, വയനാട് ജില്ലയിൽ 25 ലക്ഷം, അങ്ങനെ നഷ്ടപരിഹാരം കണക്കാക്കി അറിയിച്ചതിനെ തുടർന്ന് അങ്ങനെ ആവശ്യപ്പെട്ട ജില്ലകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഏർപ്പാട് ചെയ്യുകയും തുക കൊടുക്കുകയും ചെയ്തു. 34.445 ലക്ഷം രൂപ മൂന്നു ജില്ലകൾക്കു കൊടുത്തു കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകൾ ആവശ്യപ്പെട്ടതനുസരിച്ച് സംഖ്യ കൊടുക്കുന്നതാണ്. വേനൽമഴയുടെ നാശനഷ്ടങ്ങളുടെ ഫണ്ടാണിത്. 1998-ലെ കാലവർഷത്തിലും ഇതുപോലെ ഓരോ പ്രദേശങ്ങളിലും ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി 847.13 ലക്ഷം രൂപ അനുവദിക്കുകയും കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനു പുറമെ വ്യാപകമായ മുഞ്ഞബാധയെത്തുടർന്ന് കൃഷി നശിച്ചവർക്ക് രണ്ടാഴ്ചയ്ക്കുള്ളിൽതന്നെ നാശനഷ്ടങ്ങൾക്കു തുക കൊടുക്കണമെന്ന നിലയിൽ 50 ലക്ഷം രൂപ ഗവൺമെന്റ് അനുവദിക്കുകയും വിതരണം ചെയ്യുകയും ഉണ്ടായി. കുന്നംപിടാരി ഡാം പൊട്ടി വ്യാപകമായ കൃഷിനാശം ഉണ്ടായ പ്രത്യേക സാഹചര്യത്തിൽ സഹായിക്കേണ്ടതാണ് എന്നുള്ളതുകൊണ്ട് ഭൂമി നഷ്ടപ്പെട്ടവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും 50 ലക്ഷത്തോളം രൂപയുടെ സാമ്പത്തിക സഹായം ഉടനെ അനുവദിക്കുകയും വിതരണം ചെയ്യുകയും ഉണ്ടായി. 25.5.1999 മുതലാണ് തെക്കുപടിഞ്ഞാറൻ കാലവർഷം ആരംഭിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 27 കോടി ഉറുപ്പികയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് ഇന്നലെവരെയുള്ള കണക്ക്. ആലപ്പുഴ ജില്ലയുടെ നാശനഷ്ടത്തെ സംബന്ധിച്ച് മുഴുവൻ കണക്കും വെള്ളം ഇറങ്ങാത്തതിനെത്തുടർന്ന് ഇപ്പോഴും എടുക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിനാശം ഉണ്ടാകുമ്പോൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സഹായം അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോഴും ആലപ്പുഴ ജില്ലയെ സംബന്ധിച്ചുള്ള കൃഷിനാശത്തിന്റെ അളവ് കൃഷി ഡിപ്പാർട്ടുമെന്റിനോ റവന്യൂ ഡിപ്പാർട്ടുമെന്റിനോ കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. 30 കോടിയിലേറെ രൂപയുടെ മൊത്തം നാശനഷ്ടം ഉണ്ടാകുമെന്നാണ് പറയുന്നത്. ഇതിൽ തെങ്ങ്, വാഴ, കവുങ്ങ്, മരച്ചീനി, കുരുമുളക് തുടങ്ങി എല്ലാ കൃഷിയും ഏറ്റക്കുറച്ചിൽ അനുസരിച്ച് ഉൾപ്പെടുന്നു. തിരുവനന്തപുരം ജില്ലയിൽ 310.98 ലക്ഷം രൂപയുടെയും കൊല്ലം ജില്ലയിൽ 85.38 ലക്ഷം രൂപയുടെയും പത്തനംതിട്ട ജില്ലയിൽ 1152 ലക്ഷം രൂപയുടെയും കോട്ടയം ജില്ലയിൽ 119 ലക്ഷം രൂപയുടെയും ഇടുക്കി ജില്ലയിൽ 2.53 ലക്ഷം രൂപയുടെയും എറണാകുളം ജില്ലയിൽ 205.71 ലക്ഷം രൂപയുടെയും തൃശ്ശൂർ ജില്ലയിൽ 82.4 ലക്ഷം രൂപയുടെയും മലപ്പുറം ജില്ലയിൽ 28.52 ലക്ഷം രൂപയുടെയും പാലക്കാട് ജില്ലയിൽ 130.15 ലക്ഷം രൂപയുടെയും വയനാട് ജില്ലയിൽ 2.5 ലക്ഷം രൂപയുടെയും കാസർഗോഡ് ജില്ലയിൽ 32.37 ലക്ഷം രൂപയുടെയും നഷ്ടം ഉള്ളതായിട്ട് കാണുന്നു. മറ്റ് ജില്ലകളുടെ വിശദാംശങ്ങൾ കിട്ടുന്നതേയുള്ളൂ. എന്നാലും പ്രാഥമിക റിപ്പോർട്ടുകൾ ഞങ്ങൾ ശേഖരിച്ചിട്ടുണ്ട്. തെക്കുപടിഞ്ഞാറൻ കാലവർഷവുമായി ബന്ധപ്പെട്ട് 28.5.1999 മുതൽ ഏകദേശം 30 കോടിയോളം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായിട്ട് കണക്കാക്കിയിട്ടുണ്ട്. ഏതായാലും കൃഷിനാശം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിന് ആവശ്യമായ അടിയന്തിര സഹായം എത്തിക്കേണ്ടതുണ്ട് എന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. നാശനഷ്ടം കണക്കാക്കി അതിന്റെ മുഴുവൻ സംഖ്യയും കൊടുക്കാറില്ല, മുമ്പും കൊടുക്കാറില്ല, കൊടുക്കാൻ സാധിക്കുകയുമില്ല. ഒരു നിശ്ചിത ശതമാനം ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുതന്നെ കാലോചിതമായ മാറ്റം വരുത്തിക്കൊണ്ട് വർദ്ധിപ്പിച്ചുകൊണ്ടാണ് ഗവൺമെന്റ് നൽകുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നാശനഷ്ടം കണക്കാക്കി ഓരോ ജില്ലയിലും നൽകുന്നതിനുവേണ്ടി ഇന്നുതന്നെ രണ്ടുകോടി ഉറുപ്പിക അനുവദിച്ചിട്ടുണ്ട്. ഈ സംഖ്യ കൊടുത്തുകഴിയുന്ന മുറയ്ക്ക് കൂടുതൽ റിപ്പോർട്ട് കിട്ടുമ്പോൾ ആ സ്ഥലങ്ങളിൽ ബാക്കി സംഖ്യയും കൊടുക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. വേനൽമഴയിൽ ഉണ്ടായ നാശനഷ്ടത്തെത്തുടർന്ന് മൂന്ന് ജില്ലകളിലാണ് തുക കൊടുത്തിട്ടുള്ളത്. ബാക്കി ആവശ്യമുള്ള സ്ഥലങ്ങളിലും അത് കൊടുക്കുന്നതാണ്.

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : കൃഷിക്കാർക്കുള്ള നഷ്ടം കൃഷി ഡിപ്പാർട്ടുമെന്റ് വഴി കൊടുത്തുകൂടേ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : കേന്ദ്രഗവൺമെന്റിന്റെ മാർഗ്ഗരേഖ അനുസരിച്ച് അതിന്റെ ഉത്തരവാദിത്വം ജില്ലാ കളക്ടർക്കും റവന്യൂ വകുപ്പിനുമായതുകൊണ്ട് ഞങ്ങളുടെ അറിവോടുകൂടിയാണ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly